ST THOMAS FORANE PARISH BULLETIN

# സ്വാന്തോം മെസഞ്ചർ

# SANTHOME MESSENGER

Vol: 48 / Issue: 3 July-August 2022



## പരിശുദ്ധ മാതാവിന്റെ
## സ്വർഗ്ഗാരോപണ തിരുന്നാൾ

ST THOMAS DIOCESAN PILGRIM CENTRE


9036377010
8951092924
L.A.K
LIZY AUNTYS KITCHEN
CATERING, MONTHLY MESS & FOOD SERVICES
#15/A-31, 1ST MAIN, 2ND CROSS, BALAJI NAGAR, BANGALORE-560029.


HAVE YOU PLANNED FOR YOUR CHILD'S FUTURE?
LOOKING FOR A MONTHLY INCOME?
Invest in mutual funds through SWP (Systematic Withdrawal Plan)
₹1 LAKH INVESTED IS NOW WORTH ₹1.03 CRORE!!
Rs. 1 Lakh invested in HDFC Balanced Advantage Fund is now worth Rs.1.03 Cr. As on Sep 30,2021. Assuming the investment is made on February 01, 1994 (Scheme Inception date). Past performance may or may not be sustained in the future.
For more details Contact
SAVINGS RATIO
AMFI REGISTERED MUTUAL FUND DISTRIBUTOR
8147790096
savingsratio@gmail.com
www.savingsratio.com

സാന്തോം മെസഞ്ചർ
SANTHOME MESSENGER
St Thomas Forane Church - Parish Bulletin
Dharmaram College, Bangalore - 560029
Vol: 48 / Issue: 3 / July - August 2022

# CONTENTS

| | |
|---|---|
| ഇടയനാദം | 02 |
| Message | 03 |
| Editorial | 04 |
| Trustees' Desk | 05 |
| My Lord My God | 06 |
| നൂറിലൊരേകനാം കുഞ്ഞാട് | 07 |
| യുഗ പ്രഭാവൻ | 09 |
| Church News | 10 |
| Diocese News | 11 |
| Photo Gallery | 12 |
| ഇടവക വാർത്തകൾ | 21 |
| Upcoming Events | 25 |
| STARTT | 26 |
| SANTHOME KINDER | 26 |
| Catechism Corner | 27 |

Editorial Board

**Printed & Published by**
Rev. Fr. Cyriac Madathil CMI
Vicar, St. Thomas Forane Church
Mob. : 9605963021

**Chief Editor**
Fr Jithu Thottiyil CMI
Asst. Vicar
Mob. : 7012525386
E-mail : jithucmi@gmail.com

**Associate Editor**
Fr Lijo Thekkanathu CMI
Asst. Vicar
Mob. : 9746805457
E-mail : lijotcmi@gmail.com

**Editorial Board**
Mrs. Sweetha Mary Rejy
Mrs. Prameela Varghese
Mr. Leejoe Thomas
Mr. Anil Joy (Trustee in Charge)
Mr. Tony Thomas

**Layout Design & Printing**
Matha Printers
Tel : 9886809060
E-mail : mathaprints@gmail.com

# ഇടയനാദം





## പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണം ...
## ഭാരതത്തിന്റെ സ്വാതന്ത്ര്യദിനം!

പാത്മോസ് ദ്വീപിന്റെ ഏകാന്തതയിൽ യോഹന്നാൻ കണ്ട സ്വപ്നതുല്യമായ വെളിപാടിന്റെ പൊരുളിലാണ് സ്വർഗ്ഗാരോപണ രഹസ്യം ആദ്യമായി ഇതൾ വിടർന്നത് (വെളി. 12:1–11) സൂര്യനെ ഉടയാടയാക്കി, ചന്ദ്രനെ പാദപീഠമാക്കി പന്ത്രണ്ടു താരകങ്ങൾ കിരീടമാക്കിയ സ്ത്രീ.

പാത്മോസ് ദ്വീപിൽ യോഹന്നാന് കിട്ടിയ വെളിപാടു രഹസ്യത്തിന്റെ ശാശ്വത പ്രഖ്യാപനമാണ് 1950 ൽ 12–ാം പീയൂസ് മാർപ്പാപ്പ സ്വർഗ്ഗാരോപണം എന്ന വിശ്വാസ സത്യ പ്രഖ്യാപനത്തിലൂടെ നിർവ്വഹിച്ചത്.

കാനായിൽ വീഞ്ഞിന്റെ ഇല്ലായ്മ ആദ്യമറിയുന്നത് പരിശുദ്ധ അമ്മയാണ്. യേശു വരുന്നതിന് മുമ്പ് അവൾ അവിടെ ഉണ്ടായിരുന്നു എന്ന പരാമർശവും ശ്രദ്ധേയമാണ്. അമ്മ എപ്പോഴും വീട്ടിലുണ്ടാകും കരുതലായി... കാവലാളായി.

എന്തുകൊണ്ട് എന്റെ കുഞ്ഞ് ഇങ്ങനെ ചെയ്തു എന്ന ഉത്തരം കിട്ടാത്ത ചോദ്യവുമായി മക്കളുടെ വഴി തെറ്റലിനും ഒളിച്ചോട്ടത്തിനും ആത്മഹത്യക്കും മുന്നിൽ ആധുനിക അമ്മമാർ പകച്ചു നിൽക്കുമ്പോൾ സ്വർഗ്ഗത്തിലെ അമ്മയെപ്പോലെ ഇല്ലായ്മകൾ ആദ്യമെ തിരിച്ചറിയാനുള്ള വരത്തിനുവേണ്ടി ഇന്നേ ദിവസം പ്രത്യേകം പ്രാർത്ഥിക്കാം.

ഇല്ലായ്മകളുടെ അനന്തനിര കുടുംബത്തിന്റെ അടിത്തറ തകർക്കാതിരിക്കാൻ മറിയത്തെ വിളിക്കാം.

ഭാരതത്തിന്റെ 75–ാം സ്വാതന്ത്ര്യദിനാശംസകൾ ഏവർക്കും നേരുന്നു.

സസ്നേഹം,

**ഫാ. സിറിയക് മഠത്തിൽ സി. എം. ഐ.**
ഫൊറോന വികാരി

# MESSAGE



## COUNT ON THE BLESSINGS OF THE LORD

May the God of hope fill you with all joy and peace as you trust in him, so that you may overflow with hope by the power of the Holy Spirit. (Rom 15:13)

Hope is a waking dream. It achieves the impossible and sees the invisible. It sustains the positivity in us with perseverance and makes us creative for a better tomorrow. The dawn of August itself is filled with hope because we have many events to remember this new term.

The assumption of Mother Mary is one of the biggest feasts we commemorated this month along with Indian Independence. Her assumption is our hope for eternity and she reminds us how God values the purity of the body to be placed in heaven along with angels and saints.  She is there in heaven with the holiest trinity to intercede for us. Indian independence is also a beacon of hope for the new bright years to come with the promises of freedom. Freedom from all kinds of bondages which pull us back ourselves from doing good, being good. It should be the freedom to be truthful to yourself, to others as well as to God. Let this feast of Assumption help us to develop the true and real freedom of our hearts and minds to think more widely for a better tomorrow along with God.

We conducted a retreat for our catechism children 'Beneficia 2022' with the intention of counting the blessings from the Lord in their lives and it was exceptionally successful. I thank everyone for your prayer support and shoulder to shoulder cooperation for the event. Our children need these kinds of input more for their gradual development of faith and we have to conduct more follow up sessions for them.

Keeping you in my prayers with the hope of blessings.

**Fr Lijo Thekkanath CMI**
Asst Vicar

EDITORIAL






ആഗസ്റ്റ് 15

ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ 75-ാമത് ആഘോഷം നടത്തുമ്പോഴും മനസ്സിൽ മരണഭീതിയും ഭീകരആക്രമണ ഭീതിയുമൊക്കെയാണ്. പക്ഷെ ഈ സ്വാതന്ത്ര്യദിനത്തിൽ ആശ്വാസം നൽകുന്ന ഒരു ഓർമ്മ ആചരണമാണ് പരി. കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുന്നാൾ.

“മൃത്യോമ അമൃതം ഗമയ” - ഭാരതീയ ഋഷിവര്യന്മാരുടെ പ്രാർത്ഥന ആയിരുന്നു മൃത്യുവിൽ നിന്ന് ജീവനിലേയ്ക്ക് ഞങ്ങളെ നയിക്കണമേ. ഈ നിത്യജീവൻ സ്വർഗ്ഗം മനുഷ്യനുവേണ്ടി തുറന്നുതന്നാണ് യേശു ഈ ലോകത്തുനിന്ന് യാത്രയായത്. നമുക്ക് വീടൊരുക്കാൻ പോയ യേശുവിന്റെ അടുത്തേക്കുള്ള യാത്രയാണ് നാം കാത്തിരിക്കുന്നത്. മരണങ്ങൾ എല്ലാം ദുർമരണങ്ങൾ ആകുന്ന കാലഘട്ടത്തിൽ സ്വർഗ്ഗീയാനന്ദത്തെ ഓർമ്മിപ്പിക്കുകയാണ്. പരി. അമ്മയുടെ സ്വർഗ്ഗീയ യാത്ര. ഓരോ കല്ലറയിലും എഴുതിയിരിക്കുന്ന “Rest in Peace” എന്ന വചനം സമാധാനത്തിന്റെ ഒരു സ്വർഗ്ഗീയ ജീവിതത്തെയാണ് ഓർമ്മിപ്പിക്കുന്നത്. ഉയിർപ്പിന്റെ സമാധാനം ക്രിസ്തു നമുക്ക് പ്രധാനം ചെയ്തു. ഈ ഉയിർപ്പ് ഹൃദയത്തിൽ നിരന്തരം ചിന്തയാകാൻ പരി. അമ്മയുടെ സ്വർഗ്ഗാരോപണം നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഏവർക്കും പരി. അമ്മയുടെ സ്വർഗ്ഗാരോപണത്തിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകളും പ്രാർത്ഥനകളും നേരുന്നു. സാന്തോം മെസഞ്ചറിന്റെ ഈ ലക്കം തയ്യാറാക്കുവാൻ സഹകരിച്ച എല്ലാവർക്കും നന്ദി.

**Fr Jithu Thottiyil CMI**
Asst Vicar & Chief Editor

## TRUSTEES' DESK

# ദൈവസ്നേഹത്തിനും കരുതലിനും നന്ദി!

വി. തോമാശ്ലീഹായുടെ ധന്യനാമത്താൽ തലയുയർത്തി നിൽക്കുന്ന നമ്മുടെ ദേവാലയത്തിന്റെ വരുംകാല പ്രവർത്തനങ്ങൾക്ക് തിരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റിമാരായ ഞങ്ങൾ, നിങ്ങൾ ഞങ്ങളിലർപ്പിച്ച വിശ്വാസത്തിന് നന്ദിയും കടപ്പാടും അറിയിക്കട്ടെ.

വിശ്വാസത്തിലടിയുറച്ചു നിന്നുകൊണ്ട് ഇടവകയിൽ സേവനം അനുഷ്ഠിക്കുന്ന വൈദികരോട് ചേർന്ന്, ഞങ്ങളാലാവും വിധം നിങ്ങളിലൊരുവരായി പ്രവർത്തിക്കാനാണ് ഞങ്ങൾ ഇഷ്ടപ്പെടുന്നത്. നിങ്ങൾ ഞങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വം അത്ര നിസ്സാരമല്ല എന്ന ബോധ്യം ഞങ്ങൾക്കുള്ളതിനാൽ അത് വളരെയേറെ ഗൗരവത്തോടെ ഞങ്ങൾ കാണുകയും പ്രവർത്തിക്കുകയും ചെയ്യുമെന്ന് ഞങ്ങൾ ഉറപ്പുതരുന്നു.

കഴിഞ്ഞകാല പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച ട്രസ്റ്റിമാരേയും കൗൺസിൽ അംഗങ്ങളേയും സംഘടനാ ഭാരവാഹികളേയും കൂടി ഉൾപ്പെടുത്തി അവരുടേയുംകുടി ഉപദേശങ്ങൾ സ്വീകരിച്ച് കൂടുതൽ ശക്തമായ ഇടപ്പെടലുകൾ നടത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. അതിന്റെ ആദ്യപടിയായയാണ് എല്ലാ വാർഡ് മീറ്റിംഗുകളിലും പങ്കെടുത്തുകൊണ്ട് നിങ്ങളെ കേൾക്കാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നത്. അതുപോലെ തന്നെ കൃപാലയായുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ ചെയ്യുവാനും ഞങ്ങൾ ഒരു ശ്രമം നടത്തുകയാണ്. സെപ്റ്റംബർ മാസം മുഴുവൻ കൃപാലയ മാസമായി ആചരിച്ചുകൊണ്ട് ആരോരുമില്ലാത്തവരുടേയും പാവപ്പെട്ടവരുടെയും കൂടെയാണ് നമ്മൾ ഉണ്ടാകേണ്ടത് എന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കാൻ ശ്രമിക്കുന്നതിനായി നിങ്ങളുടെയെല്ലാം സഹായസഹകരണങ്ങൾ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആഘോഷങ്ങൾ നമ്മൾ പതിവുപോലെ നടത്തുകയുണ്ടായി. അതോടൊപ്പംതന്നെ സമ്പൽ സമൃദ്ധവും ഐശ്വര്യപൂർണ്ണവുമായ ഓണത്തെ വരവേൽക്കാൻ നമ്മൾ കാത്തിരിക്കുകയാണ്.

YOUTH ആണ് ഇടവകയുടെ പ്രധാനശക്തിയെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവരുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്ന് അവരെ ആവേശം നിറയ്ക്കുന്ന വൈദികർക്കും യൂത്ത് അംഗങ്ങൾക്കും ഞങ്ങൾ എല്ലാവിധ പിന്തുണയും നൽകുവാൻ തീരുമാനിച്ചിരിക്കുകയാണ്. ജാലഹള്ളി സെന്റ് ക്ലാരറ്റ് ദേവലയത്തിൽ നടന്ന യുവജന കലോത്സവത്തിൽ രൂപതയിലെ മുപ്പത് ഇടവകകൾ പങ്കെടുത്ത മത്സരത്തിൽ നമ്മൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി, കൂറ്റൻ ഒരു ട്രോഫി നമ്മൾ സ്വന്തമാക്കി. നമ്മുടെ യൂത്തിനെപ്പറ്റി നമ്മുക്കാഭിമാനിക്കാവുന്ന നിമിഷങ്ങളാണിവ.

ആഗസ്റ്റ് 13, 14 ദിവസങ്ങളിൽ നടത്തിയ വേദപാഠ വിദ്യാർത്ഥികൾക്കായുള്ള ധ്യാനം അതിമനോഹരവും കൂടുതൽ പങ്കാളിത്ത്വവും ഉണ്ടാക്കാൻ കഴിഞ്ഞുവെന്നത് അഭിമാനത്തോടെ നമ്മൾ പറയുന്നതിനോടൊപ്പം പിന്നണി പ്രവർത്തകരെ അഭിനന്ദിക്കുകയും ചെയ്യുന്നു.


മുൻപ് സൂചിപ്പിച്ചതുപോലെ നിങ്ങളിലൊരാളായി നിന്നുകൊണ്ട് നിങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള ശക്തിയും ആരോഗ്യവും സർവ്വേശ്വരൻ ഞങ്ങൾക്ക് തരട്ടെയെന്ന പ്രാർത്ഥനയോടെ,


Mr Biju George (Chief Trustee)


Mr Anil Joy (Trustee)


Mr Biju M.K. (Trustee)


Mr Dixon Arangassery(Trustee)



Mr Mathew K Joseph (Trustee)


Mr Vijeesh Lazar (Trustee)



# My Lord My God!

Sr. Nikhya Grace CMC



The teacher saw in the midst of the crowd
A pair of eyes those were searching for the truth.
Then he said “come follow me”
Thomas followed him giving up his tool box.
Journey with the teacher was not that easy
And the mind was raising questions after questions.
How can one know the way?
How can one reach at the father?
But no question could prevent him from saying
“Let us also go to die with him”
Though he ran away from the master to be saved .
He returned to the community to be sent.
Thus he reached at the land of Hindus.
Proclaimed the Gospel and won many souls.
Though the lance could pierce his body.
He is still alive in the minds of his disciples
Joining with the spirit they proclaim,
“Mar Valah” - ‘My Lord My God’

## PARISH MEMBERSHIP & YOUTH IDENTITY CARD

It is obligatory for Syro-Malabar members who have been staying here for more than 6 months should enlist their names in the respective Syro-Malabar Churches near their place of residence. Especially, the youth should obtain a youth identity card, participate in youth meetings and should take signature of the Director. This will be extremely necessary for issuing any certificates. To obtain a Free State Certificate for marriage, youth identity card is a must and this certificate will be issued only 3 months after obtaining the youth identity card.

# നൂറിലൊരേകനാം കുഞ്ഞാട്

## Sr. Giovanni CMC



ഛേ! വെള്ളപ്പൂടയിൽ അവൻ മാറി മാറി നോക്കി. ആകെ ചെളി പുരണ്ടു. കാലിന് ഒരൽപ്പം ഒടിവും. ഓടി മാറിയപ്പോൾ തേടിവരും എന്ന് ഓർത്തില്ല. എങ്കിലും ഇടയന് എന്നോട് വാൽസല്യം ആണോ? തൊണ്ണൂറ്റി ഒൻപത് കൂട്ടുകാരും വളരെ നല്ലവരാ ആ... ഞാൻ മാത്രം ഇങ്ങനെ... എത്ര തവണയായി ഞാൻ ഇടയനെ...

അവൻ അറിയാത്ത വിതുമ്പൽ അടക്കി. അവർ എങ്ങാനും കണ്ടാൽ മോശമാ. തനിച്ച് കറങ്ങാനും സുഖമൊക്കെയുണ്ട് . എങ്കിലും ഉള്ളിലെവിടെയോ ഒരു തേങ്ങൽ. ചെയ്തത് തെറ്റായെന്ന ഒരു തോന്നൽ. നാളെ ഇടയൻ പുറത്തിറക്കില്ലായിരിക്കും.

അല്ല - ഇറക്കിയാലും തെന്നി നടക്കാൻ പോലും വയ്യ. നല്ല വേദനയുണ്ട്. എല്ലാവരും കുറ്റപ്പെടുത്തുമായിരിക്കും.

കുറ്റപ്പെടുത്തട്ടെ..... ഞാൻ ഇങ്ങനെയൊക്കെയാ... മേയാൻ വേണ്ടിയല്ല ഞാൻ പുറത്തുചാടുന്നത്. ഇങ്ങനെ കുതിച്ചുചാടി ഓടി മറയാൻ കുന്നിന്റെ അപ്പുറം കാണാൻ എത്ര രസമാണ്. അത് ഓർക്കുമ്പോഴും വേദനകൊണ്ട് അവൻ ഞെരുങ്ങുന്നുണ്ടായിരുന്നു. എല്ലാം നഷ്ടമായി. ഇപ്പോൾ സൽപേരും. അല്ലേലും വലിയ പേരൊന്നും ഇല്ലല്ലോ. ഇടയനും എന്നെ വെറുത്തുകാണും. അവൻ പതുക്കെ ഒടിഞ്ഞ കാൽ ചായ്ച്ചുവെച്ച് തല താഴെ ചെരിച്ചു വച്ചു കിടന്നു . ആ മാനോഭാരം താങ്ങാനാവുന്നില്ലായിരുന്നു.

ഒരു മയക്കം കഴിഞ്ഞതേ ചെളി പിടിച്ച പൂടയിൽ നനവറിഞ്ഞ് അവൻ കണ്ണു തുറന്നു. പകുതി നനഞ്ഞ പഞ്ഞിക്കെട്ടു ചുരുട്ടിപ്പിടിച്ച് ചോരയും ചെളിയും പറ്റിപ്പിടിച്ച ഒടിഞ്ഞ കാൽ സസൂഷ്മം നോക്കി ഇടയൻ തുടയ്ക്കുകയാണ്. നാണക്കേടുകൊണ്ട് കുഞ്ഞാട് തലതാഴ്ത്തി. ഈ ഇടയൻ ഇവിടം വരുമെന്ന് കരുതിയില്ല.

അവന് എന്നോട് പരാതി കാണുമോ?

കുനിച്ച തല പതുക്കെ ഇടയൻ വിരലുകൾ ഓടിച്ച് കൈകളിൽ ചേർത്തു കൈകൾ ചുണ്ടോടടുപ്പിച്ച് കുഞ്ഞാടിന്റെ മൂർദ്ദാവിൽ ചുംബിച്ചു.

ഓ.. ഇനിയും ഇടയനെന്നോട് സ്നേഹമാണല്ലോ. ഒടിഞ്ഞ കാൽ ആവോളം നീട്ടി ഇടയന്റെ താടിയോടു ചേർത്ത് തന്റെ സ്നേഹവും തനിക്കറിയാവുന്ന ഭാഷയിൽ കുഞ്ഞാടു പറഞ്ഞു വച്ചു.

അടുത്തനാൾ പെസഹയാണ്. ഊനമില്ലാത്തതിനെ ബലിയർപ്പിക്കാൻ ഇടയന്മാർ കാത്തിരുന്ന കാലം. കാര്യം മോശപ്പെട്ടവനാണെങ്കിലും ബലിപീഠത്തിൽ അർപ്പിക്കപ്പെടുകയെന്നത് കുഞ്ഞാടിന്റെ ജന്മസാഫല്യമായിരുന്നു. എന്തോ അതിരുകവിഞ്ഞ അർഹിക്കാത്ത ഒരാഗ്രഹം. ഇപ്പോഴിതാ ഞാൻ ഒട്ടും അർഹിക്കുന്നില്ലെന്ന് ദൈവം പോലും വെളിപ്പെടുത്തിയിരിക്കുന്നു. ഒടിഞ്ഞ കാൽ നോക്കി അവൻ വീണ്ടും നെടുവീർപ്പിട്ടു.

ഓ! ഞാൻ ഊനമുള്ളവനായല്ലോ! ദേഹം കൊണ്ടും ആത്മാവുകൊണ്ടും - ഇടയൻ തന്നിൽ നിന്ന് അടർത്തി കുഞ്ഞാടിനെ താഴെ വെച്ചു തന്റെ വടിയെടുത്ത് മന്ദം നടന്നു.

തന്റെ ഊഴം നഷ്ടപ്പെട്ടു. എന്നന്നേയ്ക്കുമായി അടുത്ത വർഷം തനിക്ക് രണ്ടു വയസ്സ് പ്രായം ആകും. ഒരു വയസ്സുള്ളപ്പോൾ പെസഹായ്ക്ക് കർത്താവിനർപ്പിക്കപ്പെട്ടാൽ അത് ഭാഗ്യമാണെന്ന് കൂടെ കൂടെ അമ്മ കാതിൽ പറയുമായിരുന്നു. ഇന്നലെ ഞൊണ്ടിക്കാലുകൊണ്ട് ആലയിൽ എത്തിയപ്പോൾ അമ്മയുടെ സങ്കടം നിറഞ്ഞ മുഖം താങ്ങാൻ കഴിഞ്ഞില്ല. ഇല്ല ! ഞാൻ ഇനി ഒരു പെസഹ കുഞ്ഞാട് ആകില്ല അല്ലേ?

പിറ്റേന്ന് പുലർച്ചെ പതിവുപോലെ ആല തുറന്നു. ക്ഷീണം കൊണ്ട് ഉറങ്ങിപ്പോയതറിഞ്ഞില്ല. കൊച്ചു കാൽ നന്നായി നീരുവെച്ചു. കൂട്ടുകാരെല്ലാം കുതി

ച്ചുചാടി മേയാൻ പുറപ്പെടുന്ന തിരക്കിൽ തന്റെ കാലിനെ ഞെരുക്കാതിരിക്കാൻ അവൻ മറഞ്ഞു കിടന്ന പട്ടികയ്ക്കടിയിൽ പോയി അമർന്നിരുന്നു. അമ്മയുടെ മുഖഭാവം മാറിയിട്ടില്ല - ഓ അമ്മയെ നേരിൽ നോക്കാൻ എനിക്കു ശക്തി പോരാ. എല്ലാവരും പോവുകയാണ് ഇടയനും.

വാതിലടയ്ക്കും മുമ്പ് എന്തോ ചിന്തിച്ചുറച്ച പോലെ ഇടയൻ തിരിഞ്ഞു നോക്കി. വടി ഇടതു കയ്യിലോട്ടു മാറ്റി തിരിച്ചു വന്ന് വലതു കൈ നീട്ടി കുഞ്ഞാടിനെ ചേർത്തെടുത്തു. തോളിൽ വച്ചു. ശ്രദ്ധയോടെ ഒടിഞ്ഞകാൽ കഴുത്തിനരികിലേയ്ക്കു ചേർത്തു വച്ചു. ഓ എന്റെ ഇടയാ... അങ്ങ് ഇനിയും ഈ വികൃതിയെ സ്നേഹിക്കുകയാണോ? കുഞ്ഞാടിന്റെ കണ്ണു നിറഞ്ഞൊഴുകി. തന്റെ കണ്ണീരെല്ലാം ഇടയന്റെ കവിളിലേയ്ക്കു പകർന്നു. ഇത് കണ്ട അമ്മയുടെ കണ്ണുകളും ഈറനണിയുന്നുണ്ടായിരുന്നു. അന്നുമുഴുവൻ അവൻ ആ തോളിലമർന്നിരുന്നു. മധുരിക്കുന്ന ഇളം പുല്ലിന്റെ അരിക് ഇടയ്ക്കിടെ ഇടയൻ നീട്ടിക്കൊടുത്ത് അവന്റെ വിശപ്പടക്കും. അങ്ങനെ സായാഹ്നത്തോടുത്തു. ആലയിൽ വീണ്ടും ചേക്കേറി.

പെസഹാ കുഞ്ഞാടിനെ ഏന്തി ഇടയന്മാർ ജറുസലേമിലേക്കു നീങ്ങാനുള്ള കാഹളം മുഴങ്ങി തുടങ്ങി. കാഹളത്തിന്റെ അലയടികൾ കേട്ട് കുഞ്ഞാട് തന്റെ മുറിഞ്ഞ കാലും നോക്കി വിതുമ്പിക്കരഞ്ഞുകൊണ്ടിരിക്കുന്നു. അതാ തനിക്കു നഷ്ടപ്പെടുന്ന ജന്മസാഫല്യമോർത്ത് അവൻ നെടുവീർപ്പിട്ടു കുഞ്ഞാടിനെയും ഏന്തി പോകുന്ന ഇടയനെ ഒരു നോക്കു കാണാൻ പോലും അവനു ശക്തിയില്ലെന്നു തോന്നി മുറിഞ്ഞ കാലിനോട് തല ചേർത്ത് കുനിഞ്ഞ് അവൻ കിടന്നു.

പെട്ടെന്ന് ചൂടുള്ള ഒരു കൈ തന്റെ മേൽ അമരുന്നതറിഞ്ഞ് കുഞ്ഞാട് കണ്ണു തുറന്നു.

എന്ത്! ഈ ഞാനോ?

എന്റെ ഇടയനു തെറ്റിയതാകുമോ?

ഇടയൻ കുഞ്ഞാടിനെ നെഞ്ചോടും ചേർത്തു വച്ചു പതുക്കെ ആലവിട്ട് ജറുസലേം ദേവാലയത്തിന്റെ വഴിയേ നടന്നു തുടങ്ങി ഇടയിൽ കുഞ്ഞാടിന്റെ മുറിഞ്ഞ കാൽ കയ്യോടു ചേർത്ത് ഇടയൻ വെറുതെ ഉരസിക്കൊണ്ടിരുന്നു. അതെന്തിനാണെന്ന് കുഞ്ഞാടിനു തിരിഞ്ഞില്ല. ജറുസലേം കവാടം കടന്നപ്പോൾ ഇറ്റിറ്റുവീഴുന്ന കണ്ണീർ തുള്ളികൾ തുടച്ചു മാറ്റി ഇടയൻ പതുക്കെ കുഞ്ഞാടിനെ താഴെ വച്ചു.

ഹാ!!! എന്റെ മുറിഞ്ഞ കാൽ. എന്റെ മുറിഞ്ഞകാൽ സൗഖ്യപ്പെട്ടിരിക്കുന്നു.

കുഞ്ഞാട് സന്തോഷാധിക്യത്താൽ ഇടയനു ചുറ്റും വട്ടമിട്ടു. പിന്നെ കൈകളിലേയ്ക്കാഞ്ഞ് ഇടയന്റെ കൂടെ ബലിപീഠത്തിലേയ്ക്ക് ചുവടുവച്ചു... ഊനമില്ലാത്ത കുഞ്ഞാടായി ബലിയർപ്പിക്കപ്പെടാൻ... അവനോളം അർഹതപ്പെട്ടവനായി മറ്റാരേയും ആ ആലയിൽ ബലിക്കായി ഇടയൻ കണ്ടെത്തിയില്ല. ദൂരെ തുറന്നിട്ടിരിക്കുന്ന ആലയുടെ വാതിലിൽ ചാരി ഒരമ്മ മനസ്സ് നിറമിഴിയോടെ ദൈവത്തിന് നന്ദി പറയുകയായിരുന്നിരിക്കണം.

സ്നേഹമുള്ളവരെ പലപ്പോഴും നമ്മുടെ കുറവുകൾ ഭാരമായി കണ്ട് കുനിഞ്ഞു പോകുന്നവരായി നാം നമ്മെത്തന്നെ കണ്ടാലും എന്റെ നല്ലയിടയന് ഞാനെന്നും പ്രിയപ്പെട്ടവനാണ്. കൂട്ടം വിട്ടുപോയ എന്നെ തേടിവരാനും കണ്ടെത്തി തോളിലേറ്റാനും ഊനമില്ലാത്തവനാക്കി ബലിക്കൊരുക്കാനും തീർച്ചയായും അവനു കഴിയും. ''കർത്താവാണ് എന്റെ ഇടയൻ. എനിക്കൊന്നിനും കുറവുണ്ടാവുകയില്ല'' (സങ്കീ. 23:1).


## Advertisement in Santhome Messenger

അടുത്ത സാന്തോം മെസഞ്ചറിൽ പരസ്യങ്ങൾ നൽകാൻ താത്പര്യം ഉള്ളവരും; ജന്മദിനം, വിവാഹം, വിവാഹ വാർഷികം, ചരമ വാർഷികം തുടങ്ങിയവയുടെ ഫോട്ടോ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവരും 2022 September 25നകം ഇടവക ഓഫീസിൽ ഏൽപിക്കുക.

Parishioners have the opportunity to include Photos of Birthdays, Marriage, Wedding Anniversary, Death Remembrance, Advertisements etc. for the next Santhome Messenger. Submit the above in the office before 25th of September 22.

# യുഗ പ്രഭാവൻ



## Sr. Rhytha Therese CMC

കാലമേ, നിന്റെ യവനികക്കുള്ളിലെ
ഓട്ടുകണ്ണാടി മിനുക്കി നീ നോക്കുമ്പോൾ
നൂറ്റാണ്ടുകൾക്കപ്പുറമുള്ള നിൻ യാത്രയിൽ
കണ്ടോരാ പുണ്യാത്മാവല്ലയോ മാർതോമ

ഭാഷ ദേശാന്തരങ്ങളുടെ വ്യത്യസ്തതകളെ
വിശ്വാസവീര്യത്തിന്റെ  ലഹരിയാൽ കീഴടക്കി
കാടും കടലും താണ്ടിയെത്തിയ യുഗപ്രഭാവൻ
മാർ തോമായെന്ന പുണ്യധീരൻ സദാ

ആഴത്തിലേയ്ക്കു നീക്കി വലയെറിയാൻ പഠിപ്പിച്ച
ഗുരുവിന്റെ പ്രേക്ഷ ശിഷ്യനായി ഇറങ്ങിയവൻ
മുന്നരിൽ മണ്ണിലും ചിന്നമലയിലും
ക്രിസ്തു സ്നേഹം ചങ്കിലേറ്റി മരിച്ചവൻ

ഉള്ളിലെരിഞ്ഞ സ്നേഹാഗ്നി പ്രവാഹം
ആവേഗമായി ആത്മാവിലാളിയപ്പോൾ
അതിർ വരമ്പുകൾക്കതീതമായി, അനേകം
ആത്മാക്കളിലാളിക്കത്തിച്ചു നീ നിൻ പൈതൃകം

ക്രിസ്തു സ്നേഹത്താലെരിഞ്ഞ നിൻ ആത്മത്തിൽ
അളവുകളില്ലാതെ നീ പകർന്ന വിശ്വാസം
ആരതിയേകി കാത്തു സൂക്ഷിക്കുന്നിതാ
മാർതോമ മക്കളെന്ന  ഞങ്ങളെക്കാലവും

കാലത്തിനു പകരം വയ്ക്കാനാവാത്ത ദീപ്തി,
സൂര്യോദയത്തേക്കാൾ ശോഭയായി മാറുന്ന
ഈ കാലഘട്ടത്തിൽ നഭസ്സിലും ശക്തിയായ്
മാർതോമയെന്ന യുഗപ്രഭാവനാൽ

പ്രൗഢമായൊരു ഭൂതകാലസ്മരണയിൽ
പാപികളാം ഞങ്ങളുറ്റുനോക്കുമ്പോൾ
പാതയിലിനിയും പദവിന്യാസമായ്
പടരുന്നു നി നിൻ വിശ്വാസ പൈതൃകം.

യുഗപ്രഭാവനാം മാർതോമ വന്ദനം!
പാരിനോളം, പകലോളം, പിന്നെയും
പകരം വയ്ക്കാനില്ലാത്ത പൈതൃകമായി
ഇനിയും വഴി നടത്തുന്ന സ്നേഹമേ, വന്ദനം!

## Congratulations to the Toppers



Angelo Arackal 94.4 ICSE



Ann Maria Joji 96.96 SSLC



Emil Joseph 92.2 ICSE



Jithin Vinoy 95.36 SSLC



Merin Thomas 95.8 ICSE



Neha Jose SSLC 93.5



Roshan Rajan 90.24 SSLC



Donna Margret Saju 95.5 PUC



Merin Paul PUC 92



Sherlin Joshy II PUC 91.8

# CHURCH NEWS

## Pope Francis calls on young people to turn to Jesus like Blessed Carlo Acutis did



Pope Francis told young Catholics that Jesus is not just a moral precept but a person and a great friend. He encouraged them to build and cultivate their relationship with Christ as Blessed Carlo Acutis did.

The first millennial to be beatified by the Catholic Church, Carlo Acutis loved the Real Presence of Jesus in the Eucharist. "To be always united with Jesus, this is my life program," he wrote at age 7.

Speaking to participants of an Italian youth camp in an audience on Aug. 5 at the Vatican, the pontiff reminded them of the message from Christus Vivit, a post-synodal exhortation published in 2019: "Christ is alive and he wants you to be alive!"

"We are in the presence of Jesus, who knows us and loves us more than we do ourselves, and who wants each of us to find his or her own unique, personal fulfillment." Pope Francis concluded his remarks with a prayer: "May Jesus become your great Friend, your Companion along the way. May the living Jesus become your life! Every day and forever."

## Pope on Assumption: Mary takes us by the hand, inviting us to rejoice

During Angelus address on the Solemnity of the Assumption of the Blessed Virgin Mary, Pope Francis reminds faithful that the Blessed Mother takes each of us by the hand, and invites us to rejoice as we follow her trusting, faithful and 'radical' example.

Reflecting on Our Lady, the Holy Father reminded, "She is the first creature who, with her whole self, body and soul, victoriously crosses the finish line of Heaven."

"She shows us that Heaven is within reach, if we too do not give in to sin, if we praise God in humility and serve others generously. She, our Mother, takes us by the hand, she accompanies us to glory, she invites us to rejoice as we think of heaven."

Mary's prophetic voice reveals road to Heaven: "Looking at Her, in glory, we understand that the true power is service, and that to reign, means to love."This, he said, is "the road to Heaven."

# DIOCESE NEWS

## പുതിയ 'മന്ന' അടുക്കളകൾ

വിശപ്പിന്റെ വർഷം പ്രമാണിച്ചു ഒരു ലക്ഷം ഭക്ഷണപ്പൊതികൾ നൽകാനുള്ള ലക്ഷ്യം വേഗത്തിൽ കൈവരിക്കുന്നതിന് വേണ്ടി മന്ന പദ്ധതിക്ക് തുടക്കമായി. കൊത്തന്നൂരിലുള്ള DSS കോൺവെന്റിലും (സുൽത്താൻപാളയ, മത്തിക്കരെ, ജാലഹള്ളി ഫൊറോനകൾക്കായി) ധർമ്മാരാം സെന്റ് തോമസ് ഫൊറോനാ പള്ളിയിലും (ധർമ്മാരാം, ഹൊങ്ങാസാന്ദ്ര, കാർമ്മലാരാം ഫൊറോനകൾക്കായി) പുതിയ അടുക്കളകൾ തുറന്നു. എല്ലാ ഞായറാഴ്ചകളിലും 2000 പേർക്ക് ഭക്ഷണം നൽകുവാനാണ് മന്ന കിച്ചണുകൾ ലക്ഷ്യമിടുന്നത്. അച്ചന്മാരും സിസ്റ്റേഴ്സും ദൈവജനവും കൈകോർത്താണ് ഈ പദ്ധതി യാഥാർഥ്യമാക്കിക്കൊണ്ടിരിക്കുന്നത്.

## വിശപ്പിന്റെ വർഷം പ്രഥമ അവലോകന മീറ്റിംഗ്

ഈസ്റ്റർ ദിനത്തിൽ ആരംഭിച്ച വിശപ്പിന്റെ വർഷാചരണത്തിന്റെ ആദ്യ അവലോകന യോഗം ജൂലൈ 13 നു ഹുളിമാവിൽ വച്ച് നടന്നു. എല്ലാ കമ്മീഷനുകളും അവർ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളും ചെയ്യാൻ പദ്ധതിയിടുന്ന കാര്യങ്ങളും ഈ മീറ്റിംഗിൽ പങ്കുവച്ചു.

## ദൈവവിളി ദിനം

പിതൃവേദിയുടെ നേതൃത്വത്തിൽ എല്ലാ സംഘടനകളേയും സഹകരിപ്പിച്ചുകൊണ്ടു ജൂലൈ 31 ന് ധർമ്മാരാം സെന്റ് തോമസ് ഫൊറോനാ പള്ളിയിൽ വച്ച് സംഘടിപ്പിച്ച ദൈവവിളി ദിനം വിജയകരമായി നടന്നു. സന്യസ്തരുടേയും അവരുടെ മാതാപിതാക്കളുടേയും സാന്നിധ്യവും പങ്കുവെക്കലുകളും ദൈവവിളി സ്വീകരിക്കാനൊരുങ്ങുന്നവർക്ക് പ്രചോദനമായി. അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. മൈനർ സെമിനാരി റെക്ടർ ബഹു. മാർട്ടിനച്ചനും വൊക്കേഷൻ പ്രൊമോട്ടർ ബഹു.പോൾ മാങ്ങൂരാനും സംബന്ധിക്കുകയും അടുത്ത വർഷങ്ങളിലെ ദൈവവിളി പരിപാടികളുടെ രൂപരേഖ അവതരിപ്പക്കുകയും ചെയ്തു.

## യുവജനോത്സവ്

കർണ്ണാടകയിലെ 13 രൂപതകളിലേയും യുവജന പ്രതിനിധികൾ പങ്കെടുക്കുന്ന മൂന്ന് ദിവസത്തെ സമ്മേളനത്തിനും റാലിക്കും ധർമ്മാരാം ക്രൈസ്റ്റ് CBSE സ്കൂൾ വേദിയാകും. Mandya രൂപത ആതിഥ്യമരുളുന്ന സമ്മേളനത്തിന്റെ ഒരുക്കത്തിനായുള്ള ചർച്ചകൾ ജൂലൈ 21 ന് യൂത്ത് കമ്മീഷൻ സെക്രട്ടറി ബിഷപ്പ് ഹെൻട്രി ഡിസൂസയുടെ നേതൃത്വത്തിൽ നടന്നു. ഒക്ടോബർ 22 മുതൽ 25 വരെയാണ് കൺവെൻഷൻ.

# CHURCH EVENTS






Fr. Vicar's Birthday in Krupalaya




Krupalaya



Reception to the Cross Journey





Cleaning of the Church




St Christopher Association Trip



Pothuyogam


# JUBILEE CELEBRATION of 1950th MARTYRDOM ST THOMAS

1950th Jubilee of Martyrdom
YEAR OF ST THOMAS - 2022
















## JUBILEE CELEBRATION of 1950th MARTYRDOM ST THOMAS
















# PROCESSION OF ST THOMAS RELIC TO THE WARDS


STARTING OF THE PROCESSION


SACRED HEART J.P. NAGAR


ST JOSEPH ADUGODI


ST JUDE B.T.M.



ST JOSEPH LAKKASANDRA


DON BOSCO MADIWALA


ST GEORGE WILSON GARDEN


ST MARYS THAVAREKERE


INFANT JESUS JAYANAGAR


ST PAULS CHIKKADUGODI

# PROCESSION OF ST THOMAS RELIC TO THE WARDS



ST. CHAVARA MARUTHI NAGAR



ST. ALPHONSA WARD



ST JOHNS QUARTERS



HOLY FAMILY WARD



ST. SEBASTIAN WARD



HOLY TRINITY WARD



ST XAVIERS WARD



ST FRANCIS ASSISI WARD



ST MARIAM THRESIA WARD



ST THOMAS WARD

# VACHANOLSAVAM - INTER PARISH DIOCESAN YOUTH FESTIVAL



















**OUR PARISH YOUTH WON THE OVERALL CHAMPIONSHIP!**

# 75TH INDEPENDENCE DAY















# BENEFICIA'22 - SUNDAY SCHOOL RETREAT
















# BENEFICIA'22 - SUNDAY SCHOOL RETREAT


















# ഇടവക വാർത്തകൾ

## മാർ തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വ ജൂബിലി




ധർമ്മാരാം സെന്റ് തോമസ് ഫൊറോനയിൽ ഇടവക മദ്ധ്യസ്ഥനായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം ജൂബിലി തിരുനാൾ ജൂൺ 24 മുതൽ ജൂലൈ 3 വരെ വിപുലമായ രീതിയിൽ ആഘോഷിച്ചു. തിരുനാളിന് ഒരുക്കമായുള്ള കൊടിയേറ്റം 24–ാം തിയതി വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 6 മണിക്ക് ധർമ്മാരാം അഡ്മിനിസ്ട്രേറ്റർ റെവ. ഫാ. മാണി കടപ്ലാക്കൽ സി.എം.ഐ നിർവ്വഹിച്ചു. തുടർന്ന് ജൂലൈ 2 വരെ എല്ലാ ദിവസവും വൈകിട്ട് 6 മണിക്ക് ആഘോഷമായ വി. കുർബാനയും നൊവേനയും ഉണ്ടായിരുന്നു.

ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജൂൺ 26–ാം തിയതി ഞായറാഴ്ച 9 മണിക്ക് ധർമ്മാരാം ചാപ്പലിൽ ആഘോഷമായ തിരുനാൾ കുർബാനയ്ക്ക് തലശ്ശേരി അതിരൂപത ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് സെന്റ് തോമസ് പള്ളിയിലേക്ക് ആഘോഷമായ പ്രദക്ഷിണം, ഉണ്ടായിരുന്നു.

ജൂൺ 25, 26 തീയതികളിൽ നമ്മുടെ ഇടവകയിലെ എല്ലാ വാർഡുകളിലേക്കും മാർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് പ്രയാണം ആഘോഷപൂർവ്വം നടത്തുകയും ഒരോ വാർഡിലേയും കുടുംബാംഗങ്ങൾ ഒരുമിച്ചു ചേർന്ന് തിരുശേഷിപ്പ് സ്വീകരിക്കുകയും പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു.

ജൂലൈ 1 വെള്ളിയാഴ്ച വൈകുന്നേരം 6 മണിയുടെ വി. കുർബാനക്കുശേഷം തോമസ് നാമധാരികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥനയും ആശീർവ്വാദവും ഉണ്ടായിരുന്നു.

തിരുനാൾ തലേന്ന് ജൂലൈ 2 ന് ശനിയാഴ്ച വൈകുന്നേരം 5.30 നുള്ള വി. കുർബാനക്കുശേഷം പ്രസുദേന്തി വാഴ്ചയും, തുടർന്ന് പാരീഷ് ഹാളിൽ വച്ച് ഇടവകയിലെ യുവജനങ്ങൾ അവതരിപ്പിച്ച ദീദിമോസ് എന്ന നാടകവും, അമ്മമാർ അവതരിപ്പിച്ച മാർഗ്ഗംകളിയും തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരുന്നു.

തിരുന്നാൾ ദിവസമായ ജൂലൈ 3–ാം തിയതി ഞായറാഴ്ച 9 മണിക്ക് ആഘോഷമായ തിരുനാൾ കുർബാനയ്ക്ക് മണ്ഡ്യ രൂപത ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. **വി. കുർബാന മദ്ധ്യേ ധർമ്മാരം സെന്റ് തോമസ് ഇടവക ദേവാലയത്തെ രൂപതാ തീർത്ഥാടനകേന്ദ്രമായി മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പ്രഖ്യാപിച്ചു.** ജൂബിലി സ്മരണിക പിതാവ് പ്രകാശനം ചെയ്തു.

ജൂബിലി രക്ഷാധികാരികളെ അഭിവന്ദ്യ പിതാവ് ഷാറ്റം അണിയിച്ച് ആദരിച്ചു. തുടർന്ന് ആഘോഷമായ പ്രദക്ഷിണം, ഉണ്ടായിരുന്നു. ശനി, ഞായർ ദിവസങ്ങളിൽ ദേവാലയത്തിൽ അടിമ വയ്ക്കുന്നതിന് സൗകര്യം ഉണ്ടായിരുന്നു. വൈകിട്ട് 7.15 ന് കൊടിയിറക്കത്തോടെ ജൂബിലി ആഘോഷപരിപാടികൾക്ക് സമാപനം കുറിച്ചു.



## ധർമ്മാരം സെൻ്റ് തോമസ് ഇടവക ദേവാലയം – രൂപതാ തീർത്ഥാടനകേന്ദ്രം

2022 ജൂലൈ 3 ന് രാവിലെ ഒമ്പതുമണിയുടെ ദിവ്യബലി മദ്ധ്യേ ധർമ്മാരം സെൻ്റ് തോമസ് ഇടവക ദേവാലയത്തെ രൂപതാ തീർത്ഥാടനകേന്ദ്രമായി മണ്ഡ്യാ രൂപതാദ്ധ്യക്ഷൻ, അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പ്രഖ്യാപിച്ചു. രൂപതാ ചാൻസിലർ റവ. ഫാ. ജോമോൻ കോലഞ്ചേരി സി.എം.ഐ, ഫൊറോന വികാരി റവ. ഫാ. സിറിയക് മഠത്തിൽ സി.എം.ഐ. എന്നിവർ സഹകാർമ്മികരായിരുന്നു. മണ്ഡ്യ രൂപതയിലെ ആദ്യ തീർത്ഥാടന കേന്ദ്രമാണ് കേരളത്തിനുപുറത്ത് സ്ഥാപിക്കപ്പെട്ട (1983 ൽ) ആദ്യ സീറോ മലബാർ ദേവാലയമായ ധർമ്മാരാം സെൻ്റ് തോമസ് ഫൊറോനാ പള്ളി.

എല്ലാ വ്യാഴാഴ്ചയും രാവിലെ 6 നും വൈകിട്ട് 6 നും വി. തോമാശ്ലീഹായുടെ നൊവേനയും തിരുശേഷിപ്പ് വണക്കവും നടന്നുവരുന്നു.

## കർമ്മലമാതാവിൻ്റെ തിരുനാൾ

**July** 16–ാം തിയതി ശനിയാഴ്ച കർമ്മലമാതാവിൻ്റെ തിരുനാൾ ആഘോഷിച്ചു. വൈകുന്നേരം 6 മണിക്ക് ആഘോഷമായ തിരുനാൾ കുർബ്ബാനയും നേർച്ചവിതരണവും ഉണ്ടായിരുന്നു.

## വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ 28–ാം തീയതി വ്യാഴാഴ്ച ഇടവകയിൽ ആഘോഷിച്ചു. വൈകുന്നേരം 6 മണിക്ക് ആഘോഷമായ തിരുനാൾ കുർബ്ബാനയും നേർച്ചവിതരണവും ഉണ്ടായിരുന്നു.

## STARTT ക്ലാസ്സ്

2022–2023 അദ്ധ്യയന വർഷത്തേയ്ക്കുള്ള **STARTT** ക്ലാസ്സുകൾ ആഗസ്റ്റ് 18–ാം തീയതി ബഹുമാനപ്പെട്ട വികാരി ഫാ. സിറിയക് മഠത്തിൽ അച്ചൻ ഉദ്ഘാടനം ചെയ്തു. 80 വിദ്യാർത്ഥി–വിദ്യാർത്ഥിനികൾ ഈ വർഷം **STARTT** ൽ പരിശീലനം നടത്തുന്നുണ്ട്.





## മന്ന

**Year of Hunger** ന്റെ ഭാഗമായി ഞായറാഴ്ച കളിൽ മന്ന ഭക്ഷണ പാക്കറ്റ് തയ്യാറാക്കി ആസ്പത്രികളിലും തെരുവിലും കഴിയുന്ന വർക്ക് വിതരണം ചെയ്യുന്നു. ശനിയാഴ്ചകളിൽ രാവിലെ മുതൽ അമ്മമാരുടെ നേതൃത്വത്തിൽ അതിനുവേണ്ട ഒരുക്കങ്ങൾ നടത്തുന്നു.

## വാർഷിക പൊതുയോഗവും ട്രസ്റ്റി മാരുടെ തെരഞ്ഞെടുപ്പും



ഇടവക വാർഷിക പൊതുയോഗവും, ഡോണേഴ്സ് മീറ്റിംഗും സംയുക്തമായി ജൂലൈ 24–ാം തിയതി നടത്തി. 2022–23 വർഷത്തേക്കുള്ള ട്രസ്റ്റിമാരുടെ തെരഞ്ഞെടുപ്പും അതോടൊപ്പം നടക്കുകയുണ്ടായി. ശ്രീ. അനിൽ ജോയ്, ശ്രീ. ബിജു എം.കെ., ശ്രീ. വിജീഷ് ലാസർ, ശ്രീ. ബിജു ജോർജ്ജ്, ശ്രീ. മാത്യു കെ. ജോസഫ്, ശ്രീ.ഡിക്സൺ അരങ്ങാശ്ശേരി എന്നിവരെ ട്രസ്റ്റിമാരായി തിരഞ്ഞെടുത്തു. ജൂലൈ 31 ന് 7.15 ന്റെ വിശുദ്ധ കുർബ്ബാനമദ്ധ്യേ 2022–2023 വർഷത്തേക്കുള്ള ട്രസ്റ്റിമാർ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തു.

## ദൈവവിളി ദിനം

ജൂലൈ 31 ഞായറാഴ്ച രൂപതാ ദൈവവിളി ദിനമായി പിതൃവേദി ആചരിച്ചു. ദൈവവിളി ദിനത്തിന്റെ രൂപതാതല ഉദ്ഘാടനം ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് ജൂലൈ 31 ന് ഉച്ചതിരിഞ്ഞ് 3 മണിക്ക് പാരീഷ് അഡ്മിനിസ് ട്രേറ്റീവ് ബ്ലോക്കിൽ വച്ച് നിർവ്വഹിച്ചു.



## വി. അന്തോനീസിന്റെ നൊവേന

ബഹു. വിൽസൺ എടാട്ടുകാരൻ അച്ചൻ റോമിലെ പാദുവായിൽനിന്ന് കൊണ്ടുവന്ന വി.അന്തോനീസിന്റെ തിരുശേഷിപ്പ് ദേവാ ലയത്തിൽ പ്രതിഷ്ഠിച്ചു. ആഗസ്റ്റ് 2 ചൊവ്വാഴ്ച മുതൽ നൊവേനയും നിയോഗസമർപ്പണവും തിരുശേഷിപ്പ് വണക്കവും നടന്നുവരുന്നു.

## സൗജന്യ ആയൂർവ്വേദ മെഡിക്കൽ ക്യാമ്പ്

പിതൃവേദിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 17–ാം തീയതി ഞായറാഴ്ച 9 മണി മുതൽ 4 മണി വരെ ഇടവക ജനങ്ങൾക്കായി ആയൂർവ്വേദ ഹീലിംഗ് സെന്ററായ ആയൂർ ജീവൻ ഹോസ്പിറ്റലുമായി സഹകരിച്ച് സൗജന്യ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. സൗജന്യമായി മരുന്നുകളും ചികിത്സയും ക്യാമ്പിൽ സംബന്ധിച്ചവർക്ക് നൽകി. ഏകദേശം 70 ൽ പരം രോഗികൾക്ക് ഈ സൗജന്യ സേവനം ലഭ്യമായി.



## ആയുർവ്വേദ നേത്ര പരിശോധന ക്യാമ്പ്

പിതൃവേദിയും കേരള സമാജം ബാംഗ്ലൂരും സംയുക്തമായി ആയുർവ്വേദ നേത്ര പരിശോധനാ ക്യാമ്പ് ശ്രീധരീയം മൊബൈൽ ഐ ക്ലിനിക്കുമായി സഹകരിച്ച് ജൂലൈ 24–ാം തീയതി ഞായറാഴ്ച രാവിലെ 9 മണി മുതൽ 4 മണി വരെ നടത്തി. അത്യാധുനിക രോഗനിർണ്ണയം നടത്തുന്ന ഉപകരണങ്ങളും വിദഗ്ദ പരിശീലനം ലഭിച്ച ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും അടങ്ങുന്ന സംഘമാണ് പരിശോധന നടത്തിയത്. നേത്ര പരിശോധനയും കൺസൾട്ടേഷനും ഫാർമസി സൗകര്യവും മൊബൈൽ ഐ ക്ലിനിക്കിൽ സജ്ജീകരിച്ചിരുന്നു. പിതൃവേദി ഡയറക്ടർ റവ. ഫാ. ലിജോ തേക്കാനത്ത് അച്ചൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പിതൃവേദി പ്രസിഡന്റ് ഡോ. ഫിലിപ്പ് മാത്യു, സെക്രട്ടറി ബെന്നി സെബാസ്റ്റ്യൻ, ട്രഷറർ ജോർജ്ജ് പി.എസ്. തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി. 102 ൽ അധികം പേർ ഈ സേവനം പ്രയോജനപ്പെടുത്തി.



## സെന്റ് ചാവറ അസോസിയേഷൻ

**St Chavara Association** ന്റെ 2022–23 വർഷത്തെ പ്രവർത്തനോദ്ഘാടനം ജൂലൈ 17 ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് പാരീഷ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ വച്ച് നടത്തി.



## പായസമത്സരം

മാതൃവേദിയുടെ നേതൃത്വത്തിൽ ഇടവകയിലെ അമ്മമാർക്കുവേണ്ടി ആഗസ്റ്റ് 7 ഞായറാഴ്ച രാവിലെ 9 മണിയുടെ വിശുദ്ധ കുർബാനയ്ക്കുശേഷം പായസമത്സരം നടത്തി.

**1st Prize - Mini Jude & Daisy Shaju (St Xavier's Ward)**

**2nd Prize - Valsamma (St Sebastian Ward)**

**3rd Prize - Smitha Sebastian & Molly Sebastian (St Francis Assisi Ward)**



## ലീജിയൻ ഓഫ് മേരി

കോവിഡ് ഇടവേളയ്ക്കുശേഷം ലീജിയൻ ഓഫ് മേരിയുടെ മീറ്റിംഗ് ആഗസ്റ്റ് 6 ശനിയാഴ്ച നടത്തി.



## BENEFICIA'22 SUNDAY SCHOOL RETREAT

**Sunday School** വിദ്യാർത്ഥികൾക്കായുള്ള ധ്യാനം **Beneficia'22** ആഗസ്റ്റ് 13, 14 തീയതികളിലായി നടത്തി.

1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി നടത്തിയ ധ്യാനത്തിൽ 800 ലധികം കുട്ടികൾ പങ്കെടുത്തു. ധ്യാനദിവസങ്ങളിൽ കുട്ടികൾക്കും മാതാപിതാക്കൾക്കുമായി ക്ലാസ്സുകളും, ആരാധനയും പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും നടത്തപ്പെട്ടു. കൂടാതെ ധ്യാനദിവസങ്ങളിൽ കുട്ടികളുടെ മാതാപിതാക്കൾ നിത്യാരാധന ചാപ്പലിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി.

ധ്യാനത്തിന്റെ ക്രമീകരണങ്ങൾക്കൊരുക്കമായി ജൂലൈ 31–ാം തിയതി ഞായറാഴ്ച 9 മണിയുടെ വി. കുർബാനയ്ക്കുശേഷം പാരീഷ് **Roof Top Hall** ൽ വച്ച് പി.ടി.എ. ജനറൽബോഡി മീറ്റിംഗ് കൂടുകയും തയ്യാറെടുപ്പുകളെക്കുറിച്ച് ചർച്ചചെയ്യുകയും ചെയ്തു.




| | | |
|---|---|---|
| Aug. 28 | : | Angels' Meet by Mandya Diocese -@ 9.00 am Christ the King church, Hulahalli |
| Aug. 29 | : | Feast of St Euphrasia - 6.00 pm H. Qurbana |
| Sept. 1 | : | Eight days Lent begins - 5.30 pm Rosary, H. Qurbana, Novena |
| Sept. 5 | : | Feast of St Mother Theresa - 6.00 H. Qurbana |
| Sept. 8 | : | Feast of The Nativity of Our Lady - End of Eight days Lent |
| Sept.14 | : | Feast of the Exaltation of the Cross - 6.00 pm H. Qurbana |
| Sept. 18 | : | Parish Council Meeting, Catechism Unit Test |
| Sept. 25 | : | **Logos quiz 2.00 - 3.30 pm, Vehicle Blessing Day, Nammude Maveli 2022 - Mega Onam Festival by SCA** |
| Sept. 27 | : | Feast of St Vincent De Paul |
| Oct. 1 | : | Feast of Therese of Lisieux - 6.00 pm Solemn H. Qurbana |
| Oct. 4 | : | Feast of St. Francis of Assisi |
| Oct. 7 - 16 | : | **Solemn Rosary in the Parish** |
| Oct. 9 | : | Forane Bible Kalolsavam |
| Oct. 15 | : | Feast of St Theresa of Avila |
| Oct. 16 | : | Feast of Bl. Thevarparambil Kunjachan, Parish Council Meeting |
| Oct. 17- 31 | : | **Rosary in the Wards** |
| Oct. 23 | : | **Mission Sunday** |
| Oct. 30 | : | Classes begin for 1st Holy Comm. & Conf. students<br>Solemn Rosary Conclusion @ Parish |

# STARTT

In the meeting convened by Rev. Fr. Cyriac Madathil CMI, (Vicar) in the month of April 2022, it was decided to re-start STARTT SLP (Student Leadership Program). Asst. Fathers Rev.Lijo Thekkanath CMI and Rev. Jithu Thottiyil CMI were also present in the meeting along with Mentors of STARTT.



A workshop was conducted for STARTT Mentors on 10/7/2022 to review the overall curriculum and for 2022-23. Mr. Samson S, leadership trainer was invited to lead the workshop.

STARTT PTM was conducted on 17/7/2022. The STARTT SLP overview was presented by Mr. Austin Scaria.



Rev. Father Vicar, Asst. Vicar Fr. Lijo, Chief Trustee Mr. Joy Kottakkal, Adv. George Joseph (Parent, former STARTTite), spoke during the meeting. Inauguration of STARTT class was done on 17/7/2022 by Rev. Fr Cyriac Madathil CMI.

Initially, it was decided to conduct STARTT classes on every 2nd Saturday and 4th Sunday. However, taking into consideration, the feedback from some of the parents, it's now been decided to conduct classes on 2nd and 4th Sundays, from 1 to 4 pm. Also, decided to provide lunch for all STARTTites on Sundays.

Two classes in July completed with sessions on Current Affairs, Group Dynamics and Mentor Mentee Connects.

# SANTHOME KINDER

Santhome Kinder continues its effort in which the Lord has nourished and nurtured our school by excelling children in the classroom and participating in extracurricular activities. The Fact that we are starting the academic year in person is an important new phase in our battle against corona virus. As we prepare to welcome kids, we are bringing back the treasured traditions of school life that were delayed by the pandemic.

Under the guidance and direction of Fr.Cyriac Madathil, our Director, we give utmost importance in nurturing the young minds and hearts entrusted to us. They are like the beautiful buds

to be developed into lovely human being in a safe and secure atmosphere surrounded by love, care and protection. Well equipped, separate classrooms are arranged for PreKG, LKG and UKG children.

## GREEN DAY



Green is universally associated with nature. It is a colour of life, harmony, freshness and energy. Another association is “getting the green light” to go ahead, thus we kick-started our school Santhome Kinder by emphasizing the colour Green on 30 June 2022. It was fun filled day where children wore green colour dress and were given take-away made from green paper.



## CATECHISM CORNER

The holy childhood association of catechism took part in the Anthem and fancy dress competition which was held in June and July respectively. The students from std 1-4 actively participated for the same. 17 students participated in anthem competition and 5 students for fancy dress competition. The students also secured various prizes in diocese level. Special thanks to Ms.Jessy, the co ordinator of HCA supported by Anisha, Ashly, Teena and Maria. Thank you dear parents for supporting us to make this event a grand success.





## PTA General body meeting

PTA General Body Meeting was held on 7th August 2022 in preparation for the Catechism retreat. A word of gratitude to all the parents who came delicately for the PTA meeting. Hope our interactions help in more blessings for us all.



## BENEFICIA'22- SUNDAY SCHOOL RETREAT

Jabez's prayer in 1Chronicles 4:10 was the theme for this years retreat and was named Beneficia'22 accordingly. Thanks to our former Principal Mr. Joy Kottackal sir, who contemplated the theme.

Gathering heat from the theme,our Director Rev. Fr. Lijo Thekkanath and Principal Mr. Saji KP sir started preparations with the assistance of Trustees Mr. Biju George and Mr Vijesh Lazar, Catechism Secretary Mr. Leejoe Thomas and vice Principals, Mrs. Maryamma, Mrs. Shyji and Mr. Rony George.

PTA under the leadership of Mr.Mathew sir, as always stepped up their support from the very beginning. As planned, the retreat was conducted on August 13 and 14th from 9am to 7.30pm.

Mr. Sajjen Mathew and Mrs Maryamma were selected as Retreat General Coordinators, who were assisted by Mrs. Jessy TA and Mrs. Jessymol for classes 1 to 3, Mrs. Sherly and Mr. Manu Toms for classes 4 to 6, Mrs. Shiji and Mr. Joju George for classes 7 to 9, Mr. Santosh P Joseph and Mr. John Jacob Paiva for classes 10 to 12.

The kids sections comprising of classes 1 to 3 were handled by our former teachers Mrs. Deepa Iven, Mrs. Beena Varkey and Mrs. Deepa George along with our active teachers Mr. Mathew Joy, Mrs Jessy T.A, Sr. Jeen Maria, Sr. Anija, Mrs. Vimal Roy, Mrs. Manju roshan, Ms. Ashly joy, Ms. Yadira and Ms. Jisna.

Classes 4 to 6 was led by Rev Fr. Jerry, Rev Fr. Pradeep S J, Rev. Fr. Jijo SFS, Sr. Mareena and Brothers from Dharmaram, who gracefully led the children through two days of retreat. Class 7 to 9 were led by Capuchin Priests through various activities and talks. Class 10 to 12 were led by Rev Fr. Raju CMI, our beloved Vicar Rev Fr. Cyriac Madathil, Mr. Glady sir, Dr.Alex and Mr. Joju George .

Like the previous years, parents were invited for a session by Dr. Alex who conveyed what children are seeking from their parents and what good parenting is all about. This was followed by a blessed family adoration led Rev Fr. Reji. As two days of retreat concluded with dinner, the efforts of church administration, parents, and catechism staff was clearly visible in the coordination and planning to create blessed memories to all the attendees.

**ST. THOMAS DIOCESAN PILGRIM CENTRE**
**Catholic Diocese of Mandya**
**Dharmaram, Bengaluru, India - 560 029**



# DECREE

## DECLARING ST. THOMAS FORANE CHURCH AS A DIOCESAN PILGRIM CENTRE OF ST. THOMAS, THE APOSTLE

*On the 1950th anniversary of the martyrdom of St. Thomas, the Apostle of India, the Syro Malabar Catholic Diocese of Mandya, officially declares St. Thomas Forane Church, Dharmaram, established in 1983, as a Diocesan Pilgrim Centre followed by the request of the Parish Council held on June 12, 2022. The Holy Relic of St. Thomas the Apostle from Orthona, Italy, was brought to this church by Mar Antony Kariyil, the Metropolitan Vicar of Ernakulam-Angamaly Major Archdiocese, and the former bishop of Mandya diocese in the month of June 2022. The Holy Relic is installed in this church for public veneration by Rev. Fr. Cyriac Madathil, the Dharmaram Forane Vicar on June 19, 2022 in the presence of priests, religious and faithful. May the presence of the Holy Relic of our Father in faith who gave his life for his faith inspire us to stand for the Crucified Lord. Through the intercession of St. Thomas, may Our Lord Jesus Christ bless this Diocese of Mandya and its faithful to give a luminous witness to the faith expression of our Apostle "My Lord and My God".*

*Given at Mandya, on the 3rd of July 2022.*

*Mar Sebastian Adayanthrath*
*Bishop of Mandya*

*Fr Jomon Kolenchery CMI*
*Chancellor, Mandya*








T&C apply

An elegant assortment of

# Timeless jewellery

BIS 916 Halmarked and certified diamond

*Visit our stores today!*

Alice

*Scan for our Instagram page*

**Bangalore #50 Dispensary Road**
**#218/1 Kammanahalli Main Road | #15/1 Dickenson Road**
**Ph: 08025582113 / 9036724663**